"ഭരണഭാഷ മാതൃഭാഷ"

നമ്പർ.TCPKZD/278/2021/C1

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ കാര്യാലയം,കോഴിക്കോട്**
An ISO 9001 2015 Certified Office
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി.18/07/2021
ഫോൺ: 0495-2369300
ഇമെയിൽ :tcpdkkd@gmail.com

**നഗരാസൂത്രക,**
കോഴിക്കോട്.

**അസിസ്റ്റന്റ് എഞ്ചിനീയർ,**
കോഴിക്കോട് നഗരസഭ(എലത്തൂർ)

സർ,

വിഷയം: കോഴിക്കോട് കോർപറേഷൻ-എലത്തൂർ മേഖലയിൽ റിസ നമ്പർ 21/1A1A ൽ -വാസഗൃഹ നിർമാണത്തിനായി ശ്രീ ഫിറോസ് ഖാൻ സമർപ്പിച്ച അപേക്ഷയിൽ കൺകറൻസ് ഉത്തരവ് നൽകുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 28/04/21 ലെ EZ4/881/2021 നമ്പർ കത്ത്

കോഴിക്കോട് നഗരസഭയിൽ എലത്തൂർ മേഖലയിൽ (ഇലക്ഷൻ വാർഡ് 1 ) റീസ: 21/1A1A-ൽ തന്നിരിക്കുന്ന പ്ലാൻ പ്രകാരം 2019 ലെ കേരള മുനിസിപ്പൽ/ ബിൽഡിംഗ് റൂളിനു അനുസൃതമായി വാസഗൃഹ നിർമാണത്തിന് മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം ഭേദഗതി (G .O.(Ms.)No.1/2019/LSGD dated 3 rd January, 2019) 2 ൽ 12(C) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നത് അംഗീകരിക്കുന്നുവെന്ന് ഇതിനാൽ അറിയിക്കുന്നു.

**നിബന്ധനകൾ**

1. സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള നിർമ്മാണം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 , CRZ notification 2011 എന്നിവയ്ക്കും ആയവയുടെ ഭേദഗതികൾക്കും അനുസൃതമായി അനുവദിക്കാവുന്നതാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് .
2. നിർമ്മാണം കെഎംബി ആർ 2019 , അനുബന്ധ ഭേദഗതികളും പാലിക്കേണ്ടതാണ് .
3. സ്ഥലത്തിന്റെ തരം, ഉടമസ്ഥാവകാശം, അതിരളവുകൾ , നിർമ്മാണവകാശം എന്നിവ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
4. നിർദിഷ്ട പ്ലോട്ട് തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്നതിനാൽ CRZ notification 2011 പ്രകാരം NOC ലഭ്യമാക്കേണ്ടതാണ്.

File No.TCPKZD/278/2021-C1

**Note:-** ഈ ഉത്തരവ് മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം ഭേദഗതി 12(C) പ്രകാരം പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹ നിർമ്മിക്കുന്നതിനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാൻ പരിശോധിച്ച ശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

നഗരാസൂത്രക, കോഴിക്കോട്

പകർപ്പ് :അപേക്ഷകന്

ഉള്ളടക്കം :- ഒരു സെറ്റ് പ്ലാൻ

1. അസി : എഞ്ചിനീയർ
   കോഴിക്കോട് നഗരസഭ
   എലത്തൂർ മേഖലാകാര്യാലയം
2. വെബ് സൈറ്റ്
3. അധികം.

DESPATCHED

Date 20/7/2021